"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിനു കീഴിൽ നിർമ്മാണം പൂർത്തീകരിച്ച ആലുവ പോസ്റ്റ്മെട്രിക് ബോയ്സ് ഹോസ്റ്റലിൽ ഇന്റീരിയർ വർക്കുകൾ ചെയ്യുന്നതിനും ഫർണിച്ചർ വാങ്ങുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.353/2025/SCSTD തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:- 1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 21/04/2025 തീയതിയിലെ SCDD/10687/2021-C3 (EDN C) നമ്പർ കത്ത്.

2. 26/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ എറണാകുളം ജില്ലയിൽ KIIFB ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച ആലുവ പോസ്റ്റ്മെട്രിക് ബോയ്സ് ഹോസ്റ്റലിൽ ഇന്റീരിയർ വർക്കുകൾ ചെയ്യുന്നതിനും ഫർണിച്ചർ വാങ്ങുന്നതിലേയ്ക്കുമായി കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KADCO) എന്ന ഏജൻസിയിൽ നിന്നും ലഭ്യമാക്കിയ 37,78,100/- രൂപയുടെ പ്രൊപ്പോസൽ എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ടെന്നും ഹോസ്റ്റൽ പ്രവർത്തനമാരംഭിക്കുന്നതിനായി പ്രസ്തുത പ്രവൃത്തികൾ ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്നും അതിനാൽ ആലുവ പോസ്റ്റ്മെട്രിക് ബോയ്സ് ഹോസ്റ്റലിൽ ഇന്റീരിയർ വർക്കുകൾ ചെയ്യുന്നതിനും ഫർണിച്ചർ വാങ്ങുന്നതിലേയ്ക്കുമായി ആകെ 37,78,100/- (മുപ്പത്തിഏഴ് ലക്ഷത്തി എഴുപത്തിഎണ്ണായിരത്തി ഒരുന്നൂറ് രൂപാ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ 26/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം ഇനം നം 5 പ്രകാരം

പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതോടൊപ്പം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിനു കീഴിൽ നിർമ്മാണം പൂർത്തീകരിച്ച ആലുവ പോസ്റ്റ്മെട്രിക് ബോയ്സ് ഹോസ്റ്റലിൽ ഇന്റീരിയർ വർക്കുകൾ ചെയ്യുന്നതിനും ഫർണിച്ചർ വാങ്ങുന്നതിലേയ്ക്കുമായി നടപ്പ സാമ്പത്തിക വർഷത്തെ 2225-01-277-57-34 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 37,78,100/- (മുപ്പത്തിഏഴ് ലക്ഷത്തി എഴുപത്തിഎണ്ണായിരത്തി ഒരുന്നൂറ് രൂപാ മാത്രം) രൂപ ചെലവഴിക്കുന്നതിന് പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതോടൊപ്പം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&,എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
ചീഫ് വികേന്ദ്രീത ആസൂത്രണ വിഭാഗം, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി2) സീറ്റ്
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
H Suni
Date: 30-05-2025 10:18:28

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.